# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 4769 | 26/06/2019-ൽ മറുപടിയ്ക്ക്

## വാസയോഗ്യമല്ലാത്ത വീടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ജെ.മാക്സി | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് വാസയോഗ്യമല്ലാത്ത എത്ര വീടുകൾ ഉണ്ടെന്നാണ് കുടുംബശ്രീ നടത്തിയ സർവ്വേയിൽ കണ്ടെത്തിയിട്ടുള്ളത്; | എ) & ബി) | സംസ്ഥാനത്തെ ഭൂരഹിത ഭവന രഹിതരേയും, ഭൂമിയുള്ള ഭവന രഹിതരേയും കണ്ടെത്തുന്നതിനാണ് കുടുംബശ്രീ മുഖേന സർവ്വേ നടത്തിയത്. |
| ബി) | പ്രസ്തുത സർവ്വേയിൽ ഇതുമായി ബന്ധപ്പെട്ട് കണ്ടെത്തിയിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | | |
| സി) | ഇത്തരം വാസയോഗ്യമല്ലാത്ത വീടുകളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | സി) | ലൈഫ് മിഷൻ നാലാം ഘട്ടമായി വാസയോഗ്യമല്ലാത്ത വീടുകളെ പരിഗണിക്കാനാണ് ലക്ഷ്യമിടുന്നത്. |
| ഡി) | ലൈഫ് പദ്ധതി പ്രകാരം നാളിതുവരെ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച നൽകി; ഇതിൽ ഭൂരഹിതർ, ഭവനരഹിതർ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കാമോ? | ഡി) | ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ നാളിതുവരെ കണ്ടെത്തിയ 54,469 വീടുകളിൽ 50,806 വീടുകളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ള 3663 വീടുകളുടെ പണി ധ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ഭൂമിയുള്ള ഭവന രഹിതരായി കണ്ടെത്തിയ 1,84,255 ഗുണഭോക്താക്കളിൽ അർഹരായ 86,192 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ നാളിതുവരെ 19,126 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂരഹിത ഭവന രഹിതരായി കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ഭവന സമുച്ചയം വഴി 174 ഭവനങ്ങൾ നൽകി. |

സെക്ഷൻ ഓഫീസർ